എ.പി.എൽ വിഭാഗത്തിന് 36056 മെ.ടൺ അരിയും 11777 മെ.ടൺ ഗോതമ്പും ബി.പി.എൽ. വിഭാഗത്തിന് 26566 മെ.ടൺ അരിയും 6963 മെ.ടൺ ഗോതമ്പും എ.എ.വൈ. വിഭാഗത്തിന് 20855 മെ.ടൺ അരിയും അന്നപൂർണ്ണ കാർഡുടമകൾക്ക് 450 മെ.ടൺ അരിയും പ്രതിമാസം കേന്ദ്രം അനുവദിക്കുന്നു. ഇതുകൂടാതെ എല്ലാ വിഭാഗങ്ങൾക്കുമായി 55818 മെ.ടൺ അരിയും 48052 മെ.ടൺ ഗോതമ്പും അധിക അലോട്ട്മെന്റായി അനുവദിച്ചിട്ടുണ്ട്. 18756 കി. ലിറ്റർ മണ്ണെണ്ണയും 4113.2 മെ. ടൺ പഞ്ചസാരയും പ്രതിമാസ വിതരണത്തിനായി കേന്ദ്രം അനുവദിക്കുന്നുണ്ട്.

രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതി

63 (5741) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കിലോയ്ക്ക് 2 രൂപ ക്രമത്തിൽ അരി വിൽക്കേണ്ടി വരുന്ന റേഷൻ ഡീലർക്ക് വിറ്റുവരവിനത്തിൽ വലിയ കുറവ് സംഭവിക്കുന്നത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

അരിയുടെ വിൽപ്പന വില 2 രൂപയായി കുറച്ചു നിശ്ചയിച്ചുവെങ്കിലും റേഷൻ കടക്കാർക്കും മൊത്ത വ്യാപാരികൾക്കും ലഭിക്കുന്ന കമ്മീഷനിൽ വ്യത്യാസം വരുത്തിയിട്ടില്ല. 8.90 രൂപ നിരക്കിൽ ഒരു കിലോ എ.പി.എൽ. അരി വിൽക്കുമ്പോൾ റേഷൻ വ്യാപാരിക്കു ലഭിക്കുന്ന കമ്മീഷൻ തന്നെയാണ് അതേ അരി 6.90 രൂപ സർക്കാൻ സബ്സിഡി നലകി 2 രൂപ നിരക്കിൽ വിൽക്കുമ്പോഴും വ്യാപാരിക്കു ലഭിക്കുന്നത്. കൂടാതെ 2009 ജൂൺ മുതൽ മൊത്ത വ്യാപാരികളുടെ കമ്മിഷൻ ക്വിന്റലിന് 6 രൂപയും ചില്ലറ വ്യാപാരികളുടേത് 9 രൂപയും വർദ്ധിപ്പിച്ചിരുന്നു.

രണ്ട് രൂപയ്ക്കുള്ള അരി നൽകുന്ന പദ്ധതി

64 (T5742) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ട് രൂപയ്ക്കുള്ള അരി നൽകുന്ന പദ്ധതി പ്രകാരം വയനാട് ജില്ലകളിൽ തോട്ടം തൊഴിലാളികൾക്കും കർഷകത്തൊഴിലാളികൾക്കും അരി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്കാണ് രണ്ട് രൂപയ്ക്കുള്ള അരി ലഭിച്ചതെന്ന് മണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്താകെ തൊഴിൽ വകുപ്പിന്റെ ശുപാർശപ്രകാരം എത്ര പേർക്കാണ് അരി ലഭ്യമാക്കി തുടങ്ങിയിട്ടുള്ളതെന്ന ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ &ബി) ഉണ്ട്. മണ്ഡലം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

തോട്ടം തൊഴിലാളികൾ		കർഷകത്തൊഴിലാളികൾ
ബത്തേരി	1	3,014
വൈത്തിരി	0	426
മാനന്തവാടി	1,340	3,027
ആകെ	1,341	6,467

(സി) ഒന്നാം ഘട്ടം എന്ന നിലയിൽ സംസ്ഥാനത്താകെ 2,43,483 തൊഴിലാളി കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം അരി ലഭ്യമാക്കി തുടങ്ങിയിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ ശുപാർശ പ്രകാരം ഈ പദ്ധതിയിലുൾപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്കുകളുടെ ആദ്യ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	തൊഴിലാളികൾ
1	തിരുവനന്തപുരം	9,857
2	കൊല്ലം	47,763
3	പത്തനംതിട്ട	5,042
4	ആലപ്പുഴ	39,935
5	കോട്ടയം	9,304
6	ഇടുക്കി	26,570
7	എറണാകുളം	7,609
8	തൃശ്ശൂർ	10,693
9	പാലക്കാട്	9,146
10	മലപ്പുറം	4,613
11	കോഴിക്കോട്	41,423
12	വയനാട്	7,877
13	കണ്ണൂർ	2,270
14	കാസർഗോഡ്	1,181
	ആകെ	2,43,483

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.